പട്ടികവർഗ്ഗ ഭ്രരഹിതർ

286 (673) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഐ.സി.ബാലകൃഷ്ണൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഭ്രരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. ഭ്രരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും ഉള്ള ഭൂമി പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് വിലക്കുവാങ്ങി നൽകുന്ന 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി വഴി നടപ്പിലാക്കുന്നു.

(ബി) ടി പദ്ധതിയിലൂടെ ഭ്രരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം ലഭ്യമാക്കുക. അടിസ്ഥാന സൗകര്യം ലഭ്യമല്ലാത്ത ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ പ്രദേശത്ത് അധിവസിപ്പിക്കുക വഴി അവരുടെ സമഗ്ര വികസനത്തിന് വഴിയൊരുക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളാണ് ടി പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015 ഡിസംബർ 31 വരെ ഭ്രരഹിതരായ 524 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 184.901 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly